സ്കൂളുകളിലെ സുരക്ഷ

ചില നിർദ്ദേശങ്ങൾ

കേരള വിദ്യാഭ്യാസ വകുപ്പിനുവേണ്ടി തയ്യാറാക്കിയത്

മുരളി തുമ്മാരുകുടി

ജൂൺ 2013

ആമുഖം

സാക്ഷരത, ആയുർദൈർഘ്യം, ശിശുമരണനിരക്ക് എന്നിങ്ങനെയുള്ള കാര്യങ്ങളിൽ വികസിതരാജ്യങ്ങളോട് കിടപിടിക്കുന്ന സൂചികകളാണ് കേരളത്തിനുള്ളത്. എന്നാൽ സുരക്ഷയുടെ കാര്യത്തിൽ ആകട്ടെ നാം ഏറെ പിന്നിലാണ്. ഒരു വർഷം എണ്ണായിരത്തോളം ആളുകൾ ആണ് കേരളത്തിൽ അപകടങ്ങളിൽ മരിക്കുന്നത്. ജനസംഖ്യാനുപാതികമായി ഇത് വികസിതരാജ്യങ്ങളിലേക്കാൾ പതിൻമടങ്ങാണ്. മരിക്കുന്നവരേക്കാൾ വളരെ അധികം പേർക്ക് പരിക്കേൽക്കുന്നു. കുടുംബത്തിനു ദുഃഖവും സാമ്പത്തിക നഷ്ടവും ഒക്കെ ഉണ്ടാകുന്നു. സമൂഹത്തിന് മരിച്ചവരുടേയും പരിക്കേൽക്കുന്നവരുടേയും സേവനം ലഭ്യമല്ലാത്തതിനാലുള്ള നഷ്ടം, അപകടങ്ങളെച്ചൊല്ലിയുള്ള വ്യവഹാരംമൂലമുണ്ടാകുന്ന സമയനഷ്ടം എന്നിങ്ങനെ പലതരം നഷ്ടങ്ങൾ വേറെയും.

നമ്മുടെ സമൂഹത്തിൽ ഒരു പുതിയ സുരക്ഷാസംസ്ക്കാരം ഉണ്ടാകണമെന്ന് നാം എപ്പോഴും പറയാറുണ്ട്. അതിന്റെ തുടക്കം സ്കൂളിൽ നിന്നുതന്നെ ആകുന്നതാണ് ഏറ്റവും ഉത്തമം. കാരണം കുട്ടികൾക്ക് സുരക്ഷയെപ്പറ്റി മുൻവിധികൾ ഇല്ലാത്തതിനാൽ അവർ നല്ല സുരക്ഷാ



പാഠങ്ങൾ പഠിച്ചാൽ ഉടൻ പ്രാവർത്തികമാകുന്നു. അവരിലൂടെ അത് കുടുംബത്തിലേക്കും അവർ വളരുന്നതോടെ പണിയിടങ്ങളിലേക്കും വ്യാപിക്കുന്നു. അങ്ങനെ സ്കൂളുകളിലെ സുരക്ഷാപാഠങ്ങളിലൂടെ ഒരു പുതിയ സുരക്ഷാസംസ്കാരം നമുക്ക് നേടിയെടുക്കാനാകുന്നു. ഇതിനുള്ള തുടക്കമാണ് ഈ ലഘുലേഖ.

സ്കൂളിലെ സുരക്ഷ എന്നത് ബൃഹത്തായ ഒരു വിഷയമാണ്. ഇതിൽ ഭൂമികുലുക്കം പോലത്തെ മഹാദുരന്തങ്ങൾ ഉണ്ടാകുമ്പോൾ, സ്കൂളുകൾക്കുണ്ടാകുന്ന അപകടംതൊട്ട് സ്കൂൾകുട്ടികൾ തമ്മിലുള്ള അക്രമങ്ങൾ വരെയുള്ള വിഷയങ്ങൾ ഉൾപ്പെടുന്നു. എന്നാൽ ഈ ലഘുലേഖയിൽ സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങളിൽ ഉണ്ടാകാവുന്ന അപകടങ്ങളെപ്പറ്റിയും അതെങ്ങനെ കുറക്കാം, ഉണ്ടായാൽ എങ്ങനെ പ്രതികരിക്കാം എന്നതിനെപ്പറ്റിയാണ് പ്രധാനമായും പ്രതിപാദിച്ചിരിക്കുന്നത്. മറ്റുള്ള സുരക്ഷാവിഷയങ്ങൾ അപ്രധാനമായതുകൊണ്ടല്ല. എല്ലാ വിഷയങ്ങളും ഒരുമിച്ച് ഉൾപ്പെടുത്താനുള്ള പ്രായോഗിക വൈഷമ്യംകൊണ്ടാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്.

കേരളത്തിൽ എല്ലാ വർഷവും സ്കൂൾ വിദ്യാർത്ഥികൾ സ്കൂളിലും സ്കൂളിലേക്കുള്ള യാത്രയിലും സ്കൂളുമായി അനുബന്ധിച്ച പ്രവർത്തനങ്ങളിലും എല്ലാം അപകടപ്പെടുന്നതും ചിലപ്പോഴെങ്കിലും മരണപ്പെടുന്നതുമായ വാർത്തകൾ കേൾക്കുന്നത് അസാധാരണമല്ല. എന്നാൽ ഇതിനെപ്പറ്റി കൃത്യമായ കണക്കുകൾ ലഭ്യമല്ല. അതുകൊണ്ടുതന്നെ സ്കൂളിലെ സുരക്ഷാപദ്ധതികൾ മെച്ചപ്പെടുത്തുന്നതിന്റെ ഗുണം അളക്കാൻ വിഷമമാണ്. എന്നാലും ഈ ശ്രമംകൊണ്ട് ഓരോ സ്കൂളിലും ഒരു ചെറിയ അപകടം എങ്കിലും ഒഴിവായാൽ, കേരളത്തിൽ ഒരു സ്കൂൾ കുട്ടിയുടെയെങ്കിലും മരണം ഒഴിവാക്കപ്പെട്ടാൽ ഈ ശ്രമം വിജയിച്ചു എന്നു നമുക്ക് തീർച്ചയായും അഭിമാനിക്കാം.

ഡോ. മുരളി തുമ്മാരുകുടി

Mandatory disclaimer:

The views expressed here in are those of the author and do not necessarily reflect the views of the United Natiosn

ഉള്ളടക്കം

01	സ്കൂളിലെ സുരക്ഷയും അതിന്റെ പ്രാധാന്യവും	06
02	സ്കൂളുകളിൽ സുരക്ഷ ഉറപ്പാക്കുന്നത് എങ്ങനെ	07
03	സ്കൂൾ കെട്ടിടവുമായി ബന്ധപ്പെട്ട സുരക്ഷാവിഷയങ്ങൾ	08
04	സ്കൂൾ വളപ്പിലെ ചില സുരക്ഷാ പ്രശ്നങ്ങൾ	11
05	സ്കൂൾ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും	12
06	സ്കൂൾ അനുബന്ധ പ്രവർത്തനങ്ങൾ	13
07	കാലാവസ്ഥയും സുരക്ഷയും	14
08	സ്കൂളിലേക്കുള്ള യാത്ര	15
09	സ്കൂളിലെ സുരക്ഷാപ്രശ്നങ്ങളെ എങ്ങനെ നേരിടാം?	17
10	സുരക്ഷാ പരിശോധന	17
11	പ്രഥമചികത്സ	17
12	അപകടങ്ങളിൽനിന്നും പഠിക്കുക	18
13	അനുബന്ധം	19

സ്കൂളിലെ സുരക്ഷയും അതിന്റെ പ്രാധാന്യവും

ഒരു വർഷത്തിൽ നാല്പതിനായിരത്തോളം റോഡപകടങ്ങൾ ആണ് കേരളത്തിൽ ഉണ്ടാകുന്നത്. നാലായിരത്തോളം ആളുകൾ അതിൽ മരിക്കുന്നു. പതിനായിരക്കണക്കിന് ആളുകൾക്ക് പരിക്കു പറ്റുന്നു. ഇത് ഓരോ വർഷവും കൂടിവരുന്നു.

കേരളത്തിൽ പന്തീരായിരത്തോളം സ്കൂളുകളിൽ അൻപതു ലക്ഷത്തോളം വിദ്യാർത്ഥികളും ഉണ്ട്. അതിൽ ഭൂരിഭാഗവും എല്ലാ ദിവസവും വീട്ടിൽനിന്നും സ്കൂളിലേക്കും സ്കൂളിൽനിന്നും വീട്ടിലേക്കും യാത്രചെയ്യുന്നവർ ആണ്. അതുകൊണ്ടുതന്നെ അപകടത്തിൽപെടുന്നവരിൽ കുറെ ശതമാനം സ്കൂൾ വിദ്യാർത്ഥികൾ ആയിരിക്കുമല്ലോ. സ്കൂൾബസ്സുകൾ അപകടത്തിൽപെട്ട് ഒന്നിൽ കൂടുതൽ കുട്ടികൾക്ക് അപകടമരണം സംഭവിക്കുമ്പോഴല്ലാതെ ഒരു വർഷം കേരളത്തിൽ എത്ര സ്കൂൾകുട്ടികൾ വാഹനാപകടത്തിൽ മരിക്കുന്നു എന്നു നാം കണക്കുവെക്കാറില്ല.

അപകടങ്ങൾ പക്ഷെ, റോഡിലൂടെ ഉള്ള യാത്രയിൽ മാത്രമല്ല. സ്കൂളിലേക്ക് നടന്നുവരുമ്പോഴും വഞ്ചിയിൽ വരുമ്പോഴും, വിനോദയാത്രക്ക് പോകുമ്പോഴും എന്തിന് സ്കൂളിലെ സ്വിമ്മിംഗ്പൂളിലും കളിസ്ഥലത്തും പരീക്ഷണശാലയിലും ഓഡിറ്റോറിയത്തിലും ക്ലാസ്മുറിയിലും വരെ അപകടങ്ങൾ ഉണ്ടാകാം. കഴിഞ്ഞ ഏതാനും വർഷത്തിനിടെ കേരളത്തിൽ സ്കൂൾ അനുബന്ധമായി ഉണ്ടായ അപകടങ്ങൾ ആണ് അടുത്ത പേജിലെ ബോക്സിൽ കൊടുത്തിരിക്കുന്നത്.

വിദ്യാഭ്യാസത്തെപ്പറ്റിയുള്ള നവീനചിന്താഗതിയിൽ സ്കൂൾ എന്നത് ഒരു പഠനസ്ഥലം മാത്രമല്ല പഠനോപകരണം കൂടിയാണല്ലോ. അപ്പോൾ നമ്മുടെ സ്കൂളുകൾ സുരക്ഷിതമാക്കുന്നത് സ്കൂൾ വിദ്യാർത്ഥികളുടെ (അധ്യാപകരുടേയും) സുരക്ഷക്ക് നല്ലതാണെന്നു മാത്രമല്ല അവരെ സുരക്ഷാപാഠങ്ങൾ പഠിപ്പിക്കാനുള്ള അടിസ്ഥാന ഉപാധികൂടിയാണ്.

അപകടസാധ്യതയുള്ള ഒരു സ്കൂൾമുറിയിൽ ഇരുന്ന് കുട്ടികളെ സുരക്ഷയുടെ പ്രാധാന്യം പഠിപ്പിക്കുന്നത് സ്കൂളിലെ മരങ്ങൾ വെട്ടിമാറ്റിയ

തിനുശേഷം പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യം പഠിപ്പിക്കുന്ന തുപോലെയാണല്ലോ. സ്കൂളിലെ സുരക്ഷ ഉറപ്പു വരുത്തുന്നതിലൂടെ മൂന്നു കാര്യങ്ങളാണ് നാം ഒറ്റയടിക്ക് സാധിക്കുന്നത്.

1. സ്കൂളിലെ വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും സുരക്ഷ വർദ്ധിപ്പിക്കുന്നു.
2. കുട്ടികളിൽ നല്ല സുരക്ഷാബോധം ഉണ്ടാകുന്നു.
3. സമൂഹത്തിലേക്ക് ഒരു സുരക്ഷാസംസ്ക്കാരം ഉണ്ടാക്കുന്നതിന് അടിത്തറയിടുന്നു.

സ്കൂളുകളിൽ സുരക്ഷ ഉറപ്പാക്കുന്നത് എങ്ങനെ

പരസ്പരപൂരകങ്ങൾ ആയ മൂന്നു കാര്യങ്ങളാണ് സ്കൂളിലെ സുരക്ഷ ഉറപ്പാക്കാൻ നമ്മൾ ചെയ്യേണ്ടത്.

1. സ്കൂൾ കെട്ടിടവും ക്ലാസ്മുറികളും അനുബന്ധ സൗകര്യങ്ങളും സുരക്ഷിതമാക്കുക.
2. സ്കൂളിലെ വിവിധ പ്രവർത്തനങ്ങളിലെ സുരക്ഷാപ്രശ്നങ്ങൾ അവലോകനംചെയ്ത് വേണ്ട മുൻകരുതലുകൾ എടുക്കുക.
3. സുരക്ഷാവിഷയങ്ങളെപ്പറ്റി വിദ്യാർത്ഥികളെ പഠിപ്പിക്കുക, ബോധവൽക്കരിക്കുക.

സ്കൂളുമായി ബന്ധപ്പെട്ട് അടുത്തയിടെ ഉണ്ടായ അപകടങ്ങൾ

- തിരുവനന്തപുരത്ത് സ്കൂൾവാൻ നദിയിലേക്ക് മറിഞ്ഞ് കുട്ടികൾ മരിച്ചത്.
- മലപ്പുറത്ത് വഞ്ചി മുങ്ങി സ്കൂൾ വിദ്യാർത്ഥികൾ മരിച്ചത്.
- പെരിയാറിൽ എൻ.സി.സി. ക്യാമ്പിന് വന്ന വിദ്യാർത്ഥികളുടെ മുങ്ങിമരണം.
- കൊല്ലത്ത് സ്കൂൾവർക്ക്ഷോപ്പിൽ വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ചത്.
- ഇടുക്കിയിൽ സ്കൂൾ അധ്യാപികയെ ആന ചവിട്ടിക്കൊന്നത്.

സ്കൂൾ കെട്ടിടവുമായി ബന്ധപ്പെട്ട സുരക്ഷാവിഷയങ്ങൾ

മൂന്നു കാര്യങ്ങളാണ് സ്കൂൾകെട്ടിടവുമായി ബന്ധപ്പെട്ട സുരക്ഷ ഉറപ്പുവരുത്തുന്നതിൽ നാം ശ്രദ്ധിക്കേണ്ടത്.

1. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം
2. സ്കൂളിന്റെ നിർമ്മാണം
3. സ്കൂൾ മുറികളിലേയും അനുബന്ധസൗകര്യങ്ങളിലേയും സുരക്ഷാപ്രശ്നങ്ങൾ

സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രസക്തി

കടൽത്തീരം മുതൽ കുന്നിൻചെരിവുവരേയും നദികളുടെ അടുത്തു തൊട്ട് കാടിന്റെ നടുക്കുവരേയും കേരളത്തിൽ സ്കൂളുകൾ ഉണ്ട്. ഇതിനോരോന്നിനും വൈവിധ്യമായ സുരക്ഷാപ്രശ്നങ്ങൾ ആണല്ലോ ഉണ്ടാവുക. സുനാമി, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, ഇടിമിന്നൽ എന്നിങ്ങനെ പല സുരക്ഷാപ്രശ്നങ്ങളും സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതു കൂടാതെ റോഡരികിലോ, റെയിൽപാളത്തിനോ വിമാനത്താവളത്തിനോ വമ്പൻ ഫാക്ടറികൾക്കടുത്തോ ഒക്കെയുള്ള സ്കൂളുകൾക്ക് മനുഷ്യജന്യമായ മറ്റു സുരക്ഷാപ്രശ്

നങ്ങളും ഉണ്ടാകുന്നു. സ്കൂളുകൾ സ്ഥിതിചെയ്യുന്ന പ്രദേശവുമായി ബന്ധപ്പെട്ട സുരക്ഷാപ്രശ്നങ്ങളാണ് പട്ടിക ഒന്നിൽ നല്കിയിട്ടുള്ളത്.

സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം	അനുബന്ധ സുരക്ഷാപ്രശ്നവും
കടൽത്തീരം	സുനാമി, കടൽക്ഷോഭം, കാറ്റ്
പുഴയുടെ തീരം	വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഇഴജന്തുക്കൾ
കുന്നിൻ ചെരുവ്	ഉരുൾപൊട്ടൽ, ഇടിമിന്നൽ
വനത്തിനുള്ളിലോ അടുത്തോ	കാട്ടുതീ, വന്യമൃഗങ്ങളുടെ ആക്രമണം, മരങ്ങൾ മറിഞ്ഞു വീഴുന്നത്, ഇഴജന്തുക്കൾ
റോഡിനും റെയിൽ വേക്കും അടുത്ത്	വാഹനങ്ങൾ മൂലമുള്ള അപകടം, രാസവസ്തുക്കളുടെ ചോർച്ച
ഹൈ ടെൻഷൻ ഇലക്ട്രിക് കമ്പികൾക്കടുത്ത്	വൈദ്യുതാഘാതം, തീ
ഫാക്ടറികൾക്കടുത്ത്	പൊട്ടിത്തെറി, രാസവസ്തുക്കളുടെ ചോർച്ച

ഏതു സ്ഥലത്തിനും അപകടസാധ്യതകൾ ഉണ്ടെന്നാണ് പട്ടികയിൽ നിന്നും വ്യക്തമാകുന്നത്. ഇടിമിന്നൽപോലെയുള്ള ചില അപകടങ്ങൾ എവിടെയും വരാവുന്നതുകൊണ്ട് ഒരു സ്ഥലവും പൂർണ്ണമായും സുരക്ഷിതം അല്ല. കേരളംപോലെ സ്ഥലപരിമിതിയുള്ള ഒരു സംസ്ഥാനത്ത് സ്കൂളിന് സ്ഥലം തെരഞ്ഞെടുക്കുന്നതിന് പരിമിതികൾ ഏറെയുണ്ട്. അതുകൊണ്ട് താഴെപറയുന്ന കാര്യങ്ങളാണ് നാം സ്കൂളിന്റെ കാര്യത്തിൽ ശ്രദ്ധിക്കേണ്ടത്.

1. പുതിയ സ്കൂൾ നിർമ്മാണത്തിന് സ്ഥലം തെരഞ്ഞടുക്കുമ്പോൾ സുരക്ഷാപരിഗണന കൂടി നൽകുക.
2. സ്കൂൾകെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ സ്കൂൾ നില്ക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതകൾകുടി കണക്കിലെടുക്കുക.
3. സ്കൂൾ നിലനില്ക്കുന്ന സ്ഥലവുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ മനസ്സിലാക്കുക. അതിനെ നേരിടാൻ മുൻകുരുതലുകൾ എടുക്കുക, കുട്ടികളെ ബോധവൽക്കരിക്കുക.

സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

മരംതൊട്ട് കോൺക്രീറ്റ് വരെയുള്ള വസ്തുക്കളാൽ നിർമ്മിച്ചതും ഓലതൊട്ട് ആസ്ബസ്റ്റോസ് വരെയുള്ള വസ്തുക്കൾകൊണ്ട് മേഞ്ഞതുമായ സ്കൂളുകൾ കേരളത്തിലുണ്ട്. ഇതിനോരോന്നിനും അതിന്റേതായ അപകടസാധ്യതകളും ഉണ്ട്. ഇവ താഴെയുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു.

സ്കൂൾ നിർമ്മിച്ചിരിക്കുന്ന വസ്തുക്കൾ	പ്രത്യേകമായ അപകടസാധ്യതകൾ
ഓലയും വൈക്കോലും	തീ പിടുത്തം
ഓട്, മരം	ഓടിളകി വീഴുന്നത്, തീ പിടുത്തം
സ്റ്റീൽ, അലുമിനിയം	ഇടിമിന്നൽ
സ്റ്റീലും, ഗ്ല ാസ്സും	ചില്ലു പൊട്ടിത്തെറിക്കുന്നത്
കോൺക്രീറ്റ്	ബഹുനിലകെട്ടിടം തകരുന്നത്, ഉയരത്തിൽ ഉള്ള തീപിടുത്തം, ഇടിമിന്നൽ
ആസ്ബെസ്റ്റോസ്	പൊട്ടുമ്പോൾ ഉണ്ടാകുന്ന പൊടിപടലം കാൻസർ ഉണ്ടാക്കാം

സ്കൂളിന്റെ നിർമ്മാണം ചില പ്രത്യേക അപകടസാധ്യതകൾ ഉണ്ടാക്കുന്നതുപോലെതന്നെ ചില അപകടങ്ങൾ ഒഴിവാക്കാനും നിർമ്മാണ രീതികൊണ്ടു കഴിയും. ഉദാഹരണത്തിന് കടലോരപ്രദേശത്ത് കോൺക്രീറ്റുകൊണ്ട് ഒന്നിലധികം നിലയുള്ള കെട്ടിടങ്ങൾ ഉണ്ടാക്കുന്നതാണ് ഓടിട്ട കെട്ടിടത്തേക്കാൾ നല്ലത്. അതേസമയം കുന്നിൻ ചെരുവുകളിൽ ഒന്നിലധികം നിലകളുള്ള കോൺക്രീറ്റ് കെട്ടിടങ്ങൾ നല്ലതല്ല.

സ്കൂൾ വളപ്പിലെ ചില സുരക്ഷാ പ്രശ്നങ്ങൾ

സ്കൂൾ വളപ്പിനുള്ളിൽതന്നെ ചില സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. കേരളത്തിലെ സാഹചര്യങ്ങളിൽ സ്കൂൾ കെട്ടിടത്തിനടുത്തോ കളിസ്ഥലങ്ങളിലോ നില്ക്കുന്ന വൃക്ഷങ്ങൾ ഒരു പ്രധാന സുരക്ഷാഭീഷണി ആണ്. സ്കൂൾ വളപ്പിലും പരിസരത്തും നില്ക്കുന്ന വൃക്ഷങ്ങളുടെ സുരക്ഷാഭീഷണി ഇടക്കിടക്ക് അവലോകനം ചെയ്യേണ്ടതും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതും ആണ്.

സ്കൂൾ വളപ്പിലെ മൂടിയില്ലാത്ത കിണറുകൾ, പൊട്ടക്കുളങ്ങൾ എ

ന്നിവയാണ് പ്രധാനമായ മറ്റൊരു പ്രശ്നം. വെള്ളം കുട്ടികൾക്ക് പ്രത്യേകിച്ചും അപകടകാരി ആയതിനാൽ കിണറോ എന്തിന് വെള്ളം കെട്ടിക്കിടക്കുന്ന കുഴികൾപോലും പ്രത്യേകം ശ്രദ്ധിക്കണം.

സ്കൂൾ വളപ്പിനുള്ളിലേക്ക് ചില സ്കൂളുകളിൽ വാഹനങ്ങൾ അനുവദിക്കാറുണ്ട്. ഇതും കുട്ടികൾക്ക് സുരക്ഷാഭീഷണിയായതിനാൽ ഒഴിവാക്കേണ്ടതാണ്.

സ്കൂൾ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും

ഒരു സ്കൂൾ കെട്ടിടത്തിൽ ക്ലാസ്!മുറികൾ കൂടാതെ ലൈബ്രറി, കമ്പ്യൂട്ടർ റൂം, കാന്റീൻ, പമ്പ് ഹൗസുകൾ, പരീക്ഷണശാലകൾ, വർക്ക് ഷോപ്പുകൾ എന്നിങ്ങനെ പല സൗകര്യങ്ങളും ഉണ്ടല്ലോ. ഇതിലോരോന്നിനും അതിന്റേതായ അപകടസാധ്യതകൾ ഉണ്ട്. സ്കൂൾ ഒരു സമ്പൂർണ്ണ അപകടമേഖല ആണെന്ന് ഇതിന് അർത്ഥമില്ല. മറിച്ച് ചെറുതും വലുതുമായ അപകടങ്ങൾ സ്കൂൾ കെട്ടിടത്തിൽതന്നെ സാധ്യമാണ് എന്നു നാം മനസ്സിലാക്കണം എന്നു മാത്രം. സ്കൂൾകെട്ടിടത്തിലെ ഓരോ



ഭാഗത്തേയും പ്രത്യേക അപകടസാധ്യതകളാണ് താഴെയുള്ള പട്ടികയിൽ പെടുത്തിയിരിക്കുന്നത്.

സ്കൂൾ മുറി	അപകടസാധ്യതകൾ
സാധാരണ ക്ലാസ്മുറി	വൈദ്യുത പ്ലഗ്, ഉറപ്പിച്ചു വയ്ക്കാത്ത ഷെൽഫ്, ഉറപ്പില്ലാത്ത ഫാൻ
ലബോറട്ടറി	രാസവസ്തുക്കൾ, തീ, ഗ്യാസ്, കുപ്പിച്ചില്ല്, വൈദ്യുതി
കമ്പ്യൂട്ടർ	വൈദ്യുതി, ലൂസ് (loose contact) ആയിക്കിടക്കുന്ന കേബിളുകൾ, കമ്പ്യൂട്ടറോ മോണിറ്ററോ താഴെ വീഴുന്നത്
കാന്റീൻ/അടുക്കള	തെന്നുന്ന നിലം, ചൂടുള്ള ആഹാരം, ഗ്യാസ്/തീ, വൈദ്യുതി, ഉറപ്പില്ലാത്ത ഷെൽഫ്
ലൈബ്രറി	വൈദ്യുതി, ഉറപ്പിച്ചുവക്കാത്ത ഷെൽഫ്, കമ്പ്യൂട്ടറോ മോണിറ്ററോ താഴെ വീഴാവുന്നത്.
രണ്ടും അധിലധികവും നിലകളിലെ മുറികൾ	ഉയരത്തിൽനിന്നും വീഴാവുന്നത് ഗോവണിപ്പടി തെന്നി വീഴുന്നത്
പമ്പ്ഹൗസ്, ട്രാൻസ്ഫോർമർ	വൈദ്യുതി
കളിസ്ഥലം	സൂര്യാഘാതം, തട്ടി വീഴുന്നത്, കളിയിലെ അപകടങ്ങൾ

സ്കൂൾ അനുബന്ധ പ്രവർത്തനങ്ങൾ

സാധാരണ പ്രവർത്തിദിവസങ്ങളേക്കാൾ കൂടുതൽ സ്കൂളുകളിൽ അപകടങ്ങൾ ഉണ്ടാകുന്നത് സ്കൂൾ അനുബന്ധ പ്രവർത്തനങ്ങൾക്കിടക്കാണ്. അതായത് കായികമേള, സ്കൂൾ വാർഷികം, വിനോദയാത്ര എന്നീ ദിനങ്ങളിൽ. ഇതിനു പല കാരണങ്ങൾ ഉണ്ട്. കുട്ടികൾ സാധാരണ ദിനങ്ങളേക്കാൾ ആവേശഭരിതരും അല്പം അശ്രദ്ധാലുക്കളും ആയിരിക്കും. കുട്ടികളുടെ മേൽ അധ്യാപകരുടെ ശ്രദ്ധ സാധാരണപോലെ ഉണ്ടാകില്ല. കുട്ടികൾ സാധാരണ പതിവില്ലാത്ത സ്ഥലങ്ങളിലോ പ്രവർത്തികളിലോ ആണ്. സ്കൂൾ അനുബന്ധ പ്രവർത്തനങ്ങളിലെ അപകട

സാധ്യതകൾ താഴെക്കാണിച്ച പട്ടികയിൽ കൊടുത്തിരിക്കുന്നു.

അനുബന്ധ പ്രവർത്തി	സംഭവിക്കാവുന്ന അപകടങ്ങൾ
കായികദിനം	സൂര്യാഘാതം, കളിക്കിടെയുള്ള പരിക്കുകൾ, ഉയരത്തിൽനിന്നുള്ള വീഴ്ച, തെന്നി വീഴുന്നത്, നീന്തൽ കുളത്തിലെ അപകടങ്ങൾ, ഇടിമിന്നൽ
പഠനയാത്രകൾ	റോഡപകടം, സൂര്യാഘാതം, ഭക്ഷ്യവിഷബാധ, തിരക്കിൽ പെടുന്നത്, മൃഗങ്ങളുടെ ആക്രമണം

സ്കൂൾ അനുബന്ധപ്രവർത്തനം അല്ലെങ്കിലും സ്കൂളിൽ അപകടങ്ങൾ വരുത്തിവക്കുന്ന ഒരു ഘടകമാണ് സ്കൂളിൽ നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും. വൈദ്യുതി കേബിളുകൾ തലങ്ങും വിലങ്ങും വലിച്ചിട്ടിരിക്കുന്നത്, നിർമ്മാണവസ്തുക്കളുമായി വാഹനങ്ങൾ സ്കൂൾ വളപ്പിൽ വരുന്നത്, ഇഷ്ടികയും കമ്പിയും എല്ലാം കളിസ്ഥലത്ത് കൂട്ടിയിട്ടിരിക്കന്നത് ഇങ്ങനെയുള്ളതെല്ലാം അപകടസാധ്യതകൾ വർദ്ധിപ്പിക്കുന്നു. സ്കൂളിലെ നിർമ്മാണവും അറ്റകുറ്റപ്പണികളും പരമാവധി അവധിക്കാലത്തോ അവധിദിനങ്ങളിലോ നടത്തണം. സ്കൂൾ സമയത്ത് ഒഴിവാക്കാൻ പറ്റാത്തതാണെങ്കിൽ നിർമ്മാണ പ്രവർത്തികളെപ്പറ്റി കുട്ടികളേയും , കുട്ടികൾ ഉള്ളതിനാൽ കൂടുതൽ ശ്രദ്ധയോടെ നിർമ്മാണപ്രവർത്തനം നടത്തണമെന്ന് കരാറുകാരേയും ബോധവൽക്കരിക്കണം. നിർമ്മാണം നടക്കുന്ന സ്ഥലവും നിർമ്മാണവസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്ന സ്ഥലവും കെട്ടിമറക്കുന്നത് സുരക്ഷക്ക് ഉപകാരപ്രദമാണ്.

കാലാവസ്ഥയും സുരക്ഷയും

വടക്കേ ഇന്ത്യപോലെ കടുത്ത കാലാവസ്ഥാവ്യതിയാനങ്ങൾ ഉള്ള

ഭൂപ്രകൃതി അല്ല കേരളത്തിന്റേത്. എന്നാലും കാലാവാസ്ഥയും ആയി ബന്ധപ്പെട്ട ചില സുരക്ഷാപ്രശ്നങ്ങൾ ഉണ്ട്. ഉദാഹരണത്തിന് മഴക്കാലത്ത് ആറിലും തോട്ടിലും കുളത്തിലും ഒക്കെ വെള്ളം പൊങ്ങുന്നത് മുങ്ങിമരണങ്ങൾക്ക് കാരണമാകാറുണ്ട്. തുലാവർഷത്തിന്റെ സമയത്ത് ഇടിമിന്നലും, കാറ്റോടുകൂടിയ മഴയുള്ള സമയത്ത് വൻവൃക്ഷങ്ങൾ മറിഞ്ഞു വീഴുന്നതും അപകടങ്ങൾ വർദ്ധിപ്പിക്കുന്നു.

ഏറിയ ചൂട് പണ്ട് കേരളത്തിൽ ഒരു വലിയ പ്രശ്നമല്ലായിരുന്നുവെങ്കിലും സൂര്യാഘാതം ഇപ്പോൾ കേരളത്തിലും കണ്ടുതുടങ്ങിയിട്ടുണ്ട്. ചൂടുകാലത്ത് കുട്ടികൾ തുറന്ന സ്ഥലത്ത് അധികസമയം ചെലവിടുന്നതും ആവശ്യത്തിന് വെള്ളം കുടിക്കാതിരിക്കുന്നതും എല്ലാം സൂര്യാഘാതത്തിന്റെ അപകട സാധ്യത വർദ്ധിപ്പിക്കും.

കേരളത്തിലെ മിക്കവാറും പ്രദേശത്ത് അതിശൈത്യം ഒരു പ്രശ്നമല്ല. എന്നാൽ ഹൈറേഞ്ചിലെ പല സ്ഥലങ്ങളിലും പത്തു ഡിഗ്രിയിലും താഴെ തണുപ്പ് വരാറുണ്ട്. സ്കൂൾമുറികൾ ചൂടാക്കാൻ സൗകര്യമില്ലാത്ത ഈ സ്ഥലങ്ങളിൽ അതിശൈത്യവും നമ്മൾ ശ്രദ്ധിക്കേണ്ടതുതന്നെ.

സ്കൂളിലേക്കുള്ള യാത്ര

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർ ചെയ്യുന്ന ഏറ്റവും അപകടകരമായ പ്രവർത്തി സ്കൂളിലേക്കുള്ള യാത്രയാണ്. ഒരു വർഷത്തിൽ നാല്പതിനായിരത്തോളം അപകടങ്ങൾ ഉണ്ടാവുകയും നാലായിരത്തോളം ആളുകൾ മരിക്കുകയും ചെയ്യുന്ന റോഡുകളിലൂടെയാണ് കേരളത്തിലെ ഭൂരിഭാഗം കുട്ടികളും ദിവസവും രണ്ടുനേരം യാത്ര ചെയ്യേണ്ടി വരുന്നത്. അതുകൊണ്ടുതന്നെ റോഡിലെ സുരക്ഷ, അതു നമ്മൾ വാഹനത്തിനകത്തായാലും കാൽനടയാ

യാലും ശ്രദ്ധിക്കേണ്ട ഒന്നുതന്നെ.

കേരളത്തിൽ വളരെയധികം കുട്ടികൾ വഞ്ചിയിലോ ബോട്ടിലോ യാത്ര ചെയ്താണ് സ്കൂളിൽ എത്തുന്നത്. ജലസുരക്ഷയുടെ അടിസ്ഥാന പാഠങ്ങൾ ഇവർ പഠിച്ചിരിക്കേണ്ടതാണ്.മറ്റു സംസ്ഥാനങ്ങളിൽ പതിവില്ലാത്ത ചില അപകടസാധ്യതകളും കേരളത്തിലെ വിദ്യാർത്ഥികൾ അവരുടെ സ്കൂൾയാത്രക്കിടയിൽ നേരിടുന്നുണ്ട്. വനങ്ങൾക്ക് അകത്തും കാടിനരികിലും ഒക്കെ സ്കൂളുകൾ ഉള്ളതിനാൽ ആന പോലെയുള്ള വന്യമൃഗങ്ങളുടേയും പാമ്പു പോലുള്ള ഇഴജന്തുക്കളുടേയും ആക്രമണം അപൂർവമല്ല. നാട്ടിലെ ആനയും മറ്റു വളർത്തുമൃഗങ്ങളും വഴിയാത്രക്കാരെ ഉപദ്രവിക്കുന്നത് കേരളത്തിൽ അസാധാരണമല്ലല്ലോ.

പ്രത്യേക ശ്രദ്ധവേണ്ട വിദ്യാർത്ഥികൾ

- എല്ലാ സ്കൂൾകുട്ടികളും സുരക്ഷാകാര്യത്തിൽ ശ്രദ്ധ അർഹിക്കുന്നവർ ആണെങ്കിലും താഴെ പറയുന്ന കൂട്ടർ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.
- ബുദ്ധിമാന്ദ്യം ഉള്ള കുട്ടികൾ: അപകടസാധ്യതെപ്പറ്റി മറ്റുള്ളവർക്കുള്ള ബോധം ഇവർക്ക് ഉണ്ടാകില്ല. അതുകൊണ്ട് അവരെ പ്രത്യേകം ശ്രദ്ധിക്കുക
- കണ്ണു കാണാനും ചെവി കേൾക്കാനും സംസാരിക്കാനും പറ്റാത്ത കുട്ടികൾ: അപായസൂചനകൾ അവർക്ക മറ്റുള്ളവരെപ്പോലെ ലഭ്യമല്ല. മറ്റുള്ളവരെ ബഹളമുണ്ടാക്കി അതറിയിക്കാനും പറ്റുന്നില്ല. ഇവരുടെ കാര്യം മറ്റുള്ളവർ സഹായിക്കണം.
- **പെൺകുട്ടികൾ:** വസ്ത്രധാരണത്തിന്റെ പ്രത്യേകതകൊണ്ട് വെള്ളത്തിൽനിന്നും നീന്തിക്കയറാനോ അപകടങ്ങളിൽ നിന്നും ഓടി മാറാനോ ഇവർക്ക് ബുദ്ധിമുട്ടുണ്ടാകും. ഇത് പ്രത്യേകം ശ്രദ്ധിക്കണം. പ്രത്യേകിച്ച് വിനോദയാത്രക്കും മറ്റും പോകുമ്പോൾ

- **ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾ:** രാത്രിസമയവും ഇവർക്ക് വീട്ടിലെപ്പോലെയുള്ള പ്രത്യേക ശ്രദ്ധ കിട്ടുന്നില്ല. പുതിയ പല അപായ ബാധ്യതകളും (ഉദാ: സ്റ്റൗ, വാട്ടർ ഹീറ്റർ, മൊബൈൽ ചാർജർ) ഉണ്ടുതാനും. ഇവരുടെ സുരക്ഷാകാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം

സ്കൂളിലെ സുരക്ഷാപ്രശ്നങ്ങളെ എങ്ങനെ നേരിടാം?

കേരളത്തിലെ സ്കൂളുകളിൽ ഉള്ളതും കുട്ടികൾ നേരിടേണ്ടി വരുന്നതുമായ അപകടസാധ്യതകളെപ്പറ്റിയാണ് ഇതുവരെ പറഞ്ഞത്. ഇതുകൊണ്ട് സ്കൂളുകളും സ്കൂൾയാത്രയും ഏറെ അപകടം പിടിച്ചതാണെന്നു വിവക്ഷയില്ല. ഇതിൽ പറഞ്ഞ എല്ലാ അപകടസാധ്യതകളും എല്ലാ സ്കൂളുകളിലും എല്ലാ വർഷവും അപകടമായി മാറാറും ഇല്ല. പക്ഷെ അതു കേവലം ഭാഗ്യത്തിന്റെ പ്രശ്നമാണ്. അപകടസാധ്യത കുറക്കാൻ നമുക്ക് ഭാഗ്യത്തെ മാത്രം അവലംബിച്ചാൽ പോര. സ്കൂളിലെ അപകടസാധ്യതകൾ എങ്ങനെ കുറക്കാം എന്നു നോക്കാം.

സുരക്ഷാ പരിശോധന

ഓരോ സ്കൂളിലേയും അപകടസാധ്യതകൾ വ്യത്യസ്തമായിരിക്കും. മുൻപ് പറഞ്ഞതുപോലെ അത് സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം, സ്കൂൾ നിർമ്മിച്ചിരിക്കുന്ന വസ്തുക്കൾ എന്നിങ്ങനെ പല കാര്യങ്ങളെ ആശ്രയിച്ചിരിക്കും. അപ്പോൾ ഓരോ സ്കൂളും ആ സ്കൂളിലെ പ്രത്യേകമായ അപകടസാധ്യതകളെപ്പറ്റി പരിശോധിച്ച്, രേഖപ്പെടുത്തി മനസ്സിലാക്കുകയാണ് ആദ്യം ചെയ്യേണ്ടത്. 'ഇതിനു സഹായകമായ ഒരു ചെക്ക് ലിസ്റ്റ് www.muraleethummarukudy.com- ൽ നിന്ന് ഡൌൺലോഡ് ചെയ്യാം.

പ്രഥമചികത്സ

എത്രയൊക്കെ ശ്രദ്ധിച്ചാലും ചില അപകടങ്ങൾ എല്ലാ സ്കൂളുകളിലും ഉണ്ടാകും. വേണ്ടത്ര മുൻകരുതലുകൾ എടുത്താൽ വലിയ അപകടങ്ങൾ പൂർണ്ണമായും ഒഴിവാക്കാം. ചെറിയ പരിക്കുകൾക്കാകട്ടെ ആവശ്യമായ പ്രാഥമികചികിത്സ നല്കാനുള്ള ഒരു സംവിധാനം എല്ലാ സ്കൂളുകളിലും ഉണ്ടാക്കണം. ഒരു അധ്യാപകനും ഒരു അധ്യാപികക്കും പ്രഥമചികിത്സയിൽ പരിശീലനം നല്കുകയും വേണം. ഒരു സ്കൂളിൽ ആവശ്യമായ പ്രഥമചികിത്സാ ബോക്സിൽ ഉണ്ടാകേണ്ട വസ്തുക്കളെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ബോധവൽക്കരണം

കുട്ടികളെ സുരക്ഷാകാര്യങ്ങളെപ്പറ്റി ബോധവൽക്കരിക്കുന്നതാണ് അവരെ സുരക്ഷിതരാക്കാനുള്ള ഏറ്റവും ഉത്തമമായ നടപടി. നല്ല സുരക്ഷാശീലങ്ങളെപ്പറ്റി അവരെ പറഞ്ഞ് മനസ്സിലാക്കണം. റോഡുയാത്ര, ജലസുരക്ഷ, ഇടിമിന്നൽ, സൂര്യാഘാതം എന്നീ നാലു അപകടസാധ്യതകൾ കുറക്കാൻ ശരിയായ സുരക്ഷാരീതികളെപ്പറ്റി ഇതിനു അനുബന്ധമായി കൊടുത്തിട്ടുണ്ട്.

ഒരു പുതിയ സുരക്ഷാസംസ്ക്കാരം ഉണ്ടാകണമെങ്കിൽ സുരക്ഷ സ്കൂൾ ജീവിതത്തിലെ എല്ലാ പ്രവർത്തികളുടേയും ഭാഗമാകണം. സ്കൂൾ തുറക്കുന്ന അന്നുതന്നെ സ്കൂൾയാത്രക്കിടയിലും സ്കൂളിലും സുരക്ഷിതമായി പെരുമാറുന്നതിനെപ്പറ്റി കുട്ടികളെ പറഞ്ഞ് മനസ്സിലാക്കണം. നല്ല ശീലങ്ങൾ പറഞ്ഞുകൊടുക്കുകയും വേണം. അതുപോലെതന്നെ കായികമേള, വിനോദയാത്ര എന്നിവക്കു മുൻപും സുരക്ഷാക്രമീകരണങ്ങളെപ്പറ്റിയും ശരിയായ പ്രവർത്തനരീതികളെപ്പറ്റിയും കുട്ടികളെ പറഞ്ഞ് മനസ്സിലാക്കുന്നത് ഇക്കാര്യം അവരുടെ മനസ്സിൽ എപ്പോഴും ഉണ്ടാകാൻ സഹായിക്കും.

അപകടങ്ങളിൽനിന്നും പഠിക്കുക

എത്രയൊക്കെ ശ്രദ്ധിച്ചാലും ചില അപകടങ്ങൾ ഉണ്ടാകുമെന്നു പറഞ്ഞുവല്ലോ. ഓരോ അപകടവും ശരിയായ സുരക്ഷാരീതികൾ പഠിക്കാനായി വിനിയോഗിക്കണം. നമ്മുടെ സ്കൂളിലോ കേരളത്തിലെ മറ്റേതു സ്കൂളിലോ ഉണ്ടാകുന്ന അപകടങ്ങൾ സ്കൂൾ അസംബ്ലിയിൽ ചർച്ചചെയ്യണം. എന്തുകൊണ്ടാണ് അത്തരം അപകടങ്ങൾ ഉണ്ടായത്, അത് നമ്മുടെ സ്കൂളിലും ഉണ്ടാകാൻ സാധ്യതയുണ്ടോ, അതെങ്ങനെ ഒഴിവാക്കാം എന്നതെല്ലാം ചർച്ചാവിഷയം ആക്കാം. സുരക്ഷയെപ്പറ്റിയുള്ള വിവരങ്ങൾ സ്കൂൾനോട്ടീസ് ബോർഡിൽ പതിക്കുന്നതും നല്ലതാണ്.

അപകടങ്ങൾ കുറക്കാൻ ചില സുരക്ഷാനിർദ്ദേശങ്ങൾ

സ്കൂളിലേക്ക് നടന്നു വരുന്നവർക്ക്

- റോഡിനരുകിൽ വഴിയാത്രക്കാർക്ക് പാത ഉണ്ടെങ്കിൽ അതിലൂടെ മാത്രം നടക്കുക.
- വഴിയാത്രക്കാർക്ക് പ്രത്യേകം പാതയില്ലാത്ത റോഡുകളിൽ ട്രാഫിക്കിന് എതിരായി വലത്തേ അരികു ചേർന്ന് നടക്കുക.
- പത്തു വയസ്സിൽ താഴെയുള്ള കുട്ടികൾ മുതിർന്നവരോടൊപ്പം റോഡു ക്രോസ് ചെയ്യുക.
- ട്രാഫിക് ജംഗ്ഷനുകളിലും, സിഗ്നലുകളിലും സീബ്രാക്രോസിലും പരമാവധി റോഡു മുറിച്ചുകടക്കുക.

- റോഡിൽ വലത്തും ഇടത്തും പിന്നെ വലത്തും നോക്കി മാത്രം റോഡ് മുറിച്ചുകടക്കുക.
- റോഡ് മുറിച്ചുകടക്കുമ്പോൾ ധൃതിയിൽ നടക്കുക, പക്ഷെ ഓടരുത്
- റോഡു മുറിച്ചുകടക്കുമ്പോൾ ഹെഡ്ഫോൺ ഉപയോഗിക്കരുത്.
- റോഡു മുറിച്ചുകടക്കുമ്പോൾ മൊബൈൽഫോൺ ഉപയോഗിക്കരുത്.
- വീട്ടിലേക്കുവരുന്ന വഴിയിൽ തോടോ ആറോ ഉണ്ടെങ്കിൽ മുതിർന്നവരോടൊപ്പം മാത്രം അത് മുറിച്ചുകടക്കുക.
- സ്കൂളിലേക്കുള്ള വഴിയിൽ പാമ്പോ മറ്റു മൃഗങ്ങളോ ഉണ്ടെങ്കിൽ വഴിമാറി പോവുക.

സ്കൂളിലേക്ക് വാഹനങ്ങളിൽ വരുന്നവർക്ക്

- സ്കൂളിലേക്ക് വാഹനത്തിനായി കാത്തുനില്ക്കുമ്പോൾ റോഡിൽനിന്നും മാറിനില്ക്കുക
- വാഹനം നിന്നതിനുശേഷം മാത്രം അതിലേക്ക് കയറാൻ ശ്രമിക്കുക
- ബസിലാണെങ്കിൽ കമ്പിയിൽ പിടിച്ചുമാത്രം സ്റ്റെപ്പ് കയറുക
- ഓട്ടോറിക്ഷയിൽ ആണെങ്കിൽ ശരിക്കു പിടിച്ചിരിക്കുക
- ഡ്രൈവറോട് വേഗത്തിൽ പോകാനോ മറ്റു വാഹനങ്ങളെ മറികടക്കാനോ പറയുകയോ പ്രോത്സാഹിപ്പിക്കുകയോ അരുത്
- വാഹനം നിന്നതിനുശേഷം മാത്രം ഇറങ്ങാൻ തുടങ്ങുക
- വാഹനം നിർത്തിയിട്ടിരിക്കുകയാണെങ്കിലും അതിന്റെ മുന്നിലൂടെയോ പിന്നിലൂടെയോ ഓടി റോഡു മുറിച്ചു കടക്കരുത്
- ഏതു വാഹനത്തിൽനിന്നാണെങ്കിലും കയ്യോ തലയോ പുറത്തിടരുത്
- ഡ്രൈവർ മദ്യപിച്ചിരിക്കുന്നതായോ അമിതവേഗതയിൽ പോകുന്നതായോ തോന്നിയാൽ സ്കൂൾ അധികൃതരേയോ മാതാപിതാക്കളേയോ അറിയിക്കുക

വെള്ളത്തിലെ സുരക്ഷ

- സ്വിമ്മിംഗ് പൂളുൾപ്പെടേയുള്ള എല്ലാ ജലാശയങ്ങളും കുട്ടികൾക്ക് അരക്ഷിതമാണ്. മുതിർന്നവർ അടുത്തില്ലാതെ ഇറങ്ങരുത്
- കടകളിൽ കിട്ടുന്ന നീന്തലിനെ സഹായിക്കാനുള്ള ഉപകരണങ്ങൾ (ഫ്ലോട്ടുകൾ, പന്തുകൾ, റിംഗുകൾ) ഇവ പൂർണ്ണ സുരക്ഷ നല്കുന്നില്ല
- വെള്ളത്തിനടിയിൽ ശ്വാസംപിടിച്ച് കളിക്കരുത്
- ഒഴുക്കിൽപെട്ടാൽ ആഴമില്ലാത്ത വെള്ളത്തിലും അപകടം സംഭവിക്കാം. അതിനാൽ പുഴയിലും കടലിലും കുളിക്കുന്നത് മുതിർന്നവരോടൊപ്പം ആയിരിക്കണം
- വെള്ളത്തിൽ ആരെങ്കിലും വീണുപോയാൽ അവരെ രക്ഷിക്കാനായി പുറകെ ചാടരുത്. മറിച്ച് അവർക്ക് പിടിച്ചുകയറാൻ പറ്റിയ എന്തെങ്കിലും ലൈഫ്ബോയ്, വടി, തുണി എന്നിവ നീട്ടിക്കൊടുക്കുക
- അവസരം ഉണ്ടാക്കി നീന്തൽ പഠിക്കുക. പക്ഷെ നീന്തൽ അറിയാവുന്നതുകൊണ്ടുമാത്രം ജലത്തിൽ സുരക്ഷിതമല്ല എന്നും അറിയുക
- അസുഖമുള്ളപ്പോഴോ, ചില മരുന്നുകൾ കഴിച്ചിട്ടോ, മദ്യപിച്ചിട്ടോ, രാത്രിയിലോ വെള്ളത്തിൽ ഇറങ്ങരുത്
- വഞ്ചിയിൽ പോകുന്നവർ മുതിർന്നവർ ഉള്ളപ്പോൾ മാത്രം വഞ്ചിയിൽ കയറുക.
- ബോട്ടിൽ കയറുമ്പോൾ ലൈഫ്ജാക്കറ്റ് ഉണ്ടെന്ന് ഉറപ്പു വരുത്തുക.

ഇടിമിന്നലിൽനിന്നുള്ള സുരക്ഷ

- ഇടിയോടുകൂടിയ മഴയുടെ തുടക്കം കണ്ടാൽ ഏതെങ്കിലും കെട്ടിടത്തിനകത്തേക്ക് (സ്കൂളോ, വീടോ) കയറുക
- വീടിനകത്ത് എല്ലാ വൈദ്യുത ഉപകരണങ്ങളും ഓഫാക്കി വയർ ഊരിയിടുക
- ഇടിമിന്നലിന്റെ സമയത്ത് ഫോൺ ഉപയോഗിക്കരുത്

  വീടിനു പുറത്തു പെട്ടുപോയാൽ -

  1. വലിയ മരങ്ങളുടെ താഴെ പോയി നിൽക്കരുത്
  2. വെള്ളത്തിനകത്ത് നിൽക്കരുത്
  3. സൈക്കിളോ മറ്റു ലോഹവസ്തുക്കളിൽ നിന്നും മാറിനില്ക്കുക
  4. കാറിനകത്തിരിക്കുന്നത് ഏറ്റവും സുരക്ഷിതമാണ്
- വീടിനു പുറത്തു മാറിനില്ക്കാൻ തീരെ സൗകര്യമില്ലാത്ത ഒരിടത്തു പെട്ടുപോയാൽ നില്ക്കുകയോ കിടക്കുകയോ ചെയ്യരുത്. മുട്ടിൽ ഇരിക്കുക

പരീക്ഷണശാലയിലെ സുരക്ഷ

- പരീക്ഷണശാലയിൽ ഉള്ള ഓരോ രാസവസ്തുവും വിഷമാണെന്നമട്ടിൽ വേണം കൈകാര്യം ചെയ്യാൻ
- പരീക്ഷണശാലയിൽവച്ച് ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്യരുത്
- തീയും തീ പിടിക്കുന്ന വസ്തുക്കളും അടുത്തു കൊണ്ടുവരരുത്
- വൈദ്യുത ഉപകരണങ്ങളുടെ അടുത്തേക്ക് വെള്ളം കൊണ്ടുവരരുത്, മറിച്ചും
- എന്തെങ്കിലും രാസവസ്തു പൊട്ടിവീണാൽ അത് പുറത്തുനിന്നും അകത്തേക്ക് വേണം തൂത്തുവാരാൻ
- ഒരു കുപ്പിയിൽനിന്നോ കന്നാസിൽ നിന്നോ ഏതെങ്കിലും ആസിഡോ മറ്റു ലായനികളോ അധികം എടുത്താൽ തിരിച്ചൊഴിക്കാൻ നോക്കരുത്
- ഹോട്ട്പ്ലേറ്റിന്റേയും വാട്ടർബാത്തിന്റേയും മുകളിൽ കയ്യിട്ട് ചൂടായോ എന്നു നോക്കരുത്
- പൊട്ടിയ ഗ്ലാസ്, സിറിഞ്ച് എന്നിവ കട്ടിയുള്ള വേസ്റ്റ് ബാസ്കറ്റിൽ വേണം നിക്ഷേപിക്കാൻ
- പരീക്ഷണശാലയിൽവച്ച് എന്തെങ്കിലും രാസവസ്തു കണ്ണിൽ വീണാൽ അതു കഴുകിക്കളയാനുള്ള പ്രത്യേക സംവിധാനം അവിടെത്തന്നെ ഉണ്ടാകണം

കമ്പ്യൂട്ടർ, ടി.വി. വീഡിയോ ഗെയിം മോണിറ്ററുകൾ

- കമ്പ്യൂട്ടർ, ടെലിവിഷൻ, വീഡിയോ ഗെയിം, മൊബൈൽ ഫോൺ എന്നിവയുടെ ഉപയോഗം കുട്ടികളിൽ കൂടിവരികയാണല്ലോ. ഇതിന്റെ സാമൂഹ്യഗുണദോഷങ്ങൾക്കപ്പുറം ആരോഗ്യകരമായ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്
- ഒരു ദിവസം കമ്പ്യൂട്ടറിനും, ടി.വി.ക്കും വീഡിയോ ഗെയിമിനും മുൻപിൽ ചെലവഴിക്കുന്ന സമയം പരിമിതപ്പെടുത്തുക. കണ്ണിനും, കയ്യിനും, നടുവിനും ഇത് പിൽക്കാലത്ത് പ്രശ്നങ്ങൾ ഉണ്ടാക്കും
- മോണിറ്ററിൽനിന്നും വരുന്ന പ്രകാശം നേരെ കണ്ണിൽ അടിക്കാതെ നോക്കുക. അതിനനുസരിച്ച് ദൂരത്തിൽ മാറിയിരിക്കുക. മോണിറ്ററിലെ ബ്രൈറ്റ്നസ്സ് റൂമിലെ വെളിച്ചം അനുസരിച്ച് മാറ്റുക
- ടൈപ്പ് ചെയ്യുമ്പോൾ കൈത്തണ്ട കീ ബോർഡിലോ മേശപ്പുറത്തോ സ്ഥിരമായി മുട്ടിനില്ക്കുന്നത് ഒഴിവാക്കുക
- കമ്പ്യൂട്ടറിനും ടി.വി.ക്കും മുൻപിൽനിന്നും അര മണിക്കൂറിൽ ഒരിക്കലെങ്കിലും എഴുന്നേറ്റ് അഞ്ചുമിനിറ്റ് നില്ക്കുകയോ നടക്കുകയോ ചെറിയ വ്യായാമം ചെയ്യുകയോ ചെയ്യണം
- കമ്പ്യൂട്ടറിനു പുറകിലുള്ള പലവിധ കേബിളുകൾ സുരക്ഷിതമായി കൂട്ടി പ്ലാസ്റ്റർ ചെയ്തുവക്കുക. അതിൽ തട്ടി വീഴാനോ അതിൽ നിന്നും വൈദ്യുതാഘാതം എല്ക്കാനോ സാധ്യത ഉണ്ട്.

Suggested items for School First Aid Kit

Contents of the First Aid Kit

- Acetaminophine Tablets
- Tablet Avid
- 50 Fabric bandage strips 7/8 Ṅ 3
- Elastic crape bandage (5 cm x 15 m and 10 cm x 15 meters , 1 each)
- 20 Antiseptic wipes (Or Betadine Solution 1 Bottle 30 ml / Surgical Spirit 1 Bottle 30 ml)
- 1 Oval eye pad (Sterile Surgical Dressing)
- 1 Pair of scissors
- 1 Adhesive tape (Microspore Band Aid)
- Pair exam gloves
- 1 Gauze roll 2 inch (10 Nos)
- 1 Gauze roll 3 inch
- Tourniquet Bar Blood Stopping Band Aid
- 6 Burn gel (Silverex)
- 1 Cohesive bandage 1 inch
- 20 Splinter out (Belcon knee split; Below elbow splint; Thomas
- Splint 1 each)
- Telescopic Splint (Custom Made Own Design)
- Foldable Structure (Custom Made Own Design)
- First Aid Guide

Additional Reading

1. Towards a learning culture of safety and resilience: technical guidance for integrating disaster risk reduction in the school curriculum, UNESCO Publication (http://unesdoc.unesco.org/Ulis/cgi-bin/ulis.pl?catno=219412&set=51331973_1_427&gp=0&lin=1&ll=s)
2. School safety baseline study, International Strategy for Disaster Reduction (http://www.unisdr.org/files/23587_doc18766contenido.pdf)
3. Guidance note on safer school construction (http://gfdrr.org/docs/Guidance_Notes_Safe_Schools.pdf)
4. School Bus Safety Rules, National Safety Council (http://www.nsc.org/news_resources/Resources/Documents/School_Bus_Safety_Rules.pdf)
5. Playground Injuries, Center for Disease Control and Prevention (http://www.cdc.gov/HomeandRecreationalSafety/Playground-Injuries/index.html)
6. Pedestrian Safety, Safe Kids Network (http://www.safekids.org/safety-basics/safety-resources-by-risk-area/pedestrian/)
7. Water Safety for children and young people, Royal Society for Prevention of Accidents (http://www.rospa.com/leisuresafety/adviceandinformation/watersafety/watersafety-children-young-people.aspx
8. Health and Safety Checklist for Classrooms, Health and Safety Executive, UK (http://www.hse.gov.uk/risk/classroom-checklist.pdf)
9. Laboratory Safety in Schools (http://carnegiescience.edu/first_light_case/horn/labsafety.html)
10. Managing Health and Safety in Swimming Pools, UK Health and Safety Executive (http://www.hse.gov.uk/pubns/books/hsg179.htm)
11. Lightning safety in schools, National Oceanic and Atmospheric Administration, US (www.lightningsafety.noaa.gov/resources/LSSchools.ppt)
12. Good journey, Lessons from UK Trackoff for safe train journeys

(http://www.trackoff.org/Documents/LessonPlan-AGoodJourney.pdf)
13. School Site Selection and Approval Guide, from California Department of Education. http://www.cde.ca.gov/ls/fa/sf/schoolsiteguide.asp
14. Guidance Notes on Safer School Construction by the Global Facility for Disaster Reduction and Recovery. https://www.gfdrr.org/node/777
15. http://unesdoc.unesco.org/images/0015/001590/159072eo.pdf
16. Safe Chemical Management in Schools, US EPA Guidelines (http://www.epa.gov/schools/chemicals.html)
17. Road Safety for School Transport, European Commission Report (http://ec.europa.eu/transport/roadsafety_library/publications/rsst_final_report_v1.3.pdf)
18. Water Safety Advice for Schools, Royal Life Saving Society (http://www.lifesavers.org.uk/index.php/water-safety/water-safety-adice-for-schools)
19. Safe Computer Use, Guidance from University of California Berkeley http://ergo.berkeley.edu/services/computer_use.php
20. Kerala Police Website on Road Safety (http://www.keralapolice.org/newsite/road.html)
21. Fire and Rescue Services Department, Kerala (http://www.kerala.gov.in/index.php?option=com_content&view=category&layout=blog&id=77&Itemid=341)
22. Accidental Deaths and Suicides in India, National Crime Records Bureau Report (http://ncrb.nic.in/)
23. Safer Schools Campaign Website, All India Disaster Management Institute Website http://saferschools.aidmi.org/campaign_publication.html
24. Guidance to first aid at school https://www.teachthedifference.org.uk/TTD/PDF/guidance%20on%20first%20aid%20for%20schools.pdf
25. First Aid Requirements at Schools, St John's Ambulance, UK http://www.sja.org.uk/sja/training-courses/schools/first-aid-in-schools/equipment-and-facilities.aspx

മുരളി തുമ്മാരുകുടി

ഐക്യരാഷ്ട്ര പരിസ്ഥിതി പ്രോഗ്രാമിന്റെ ദുരന്തനിവാരണ വിഭാഗം തലവനാണ് മലയാളിയായ മുരളി തുമ്മാരുകുടി. കാൺപൂർ ഐ.ഐ.ടിയിൽ നിന്നും പി.എച്ച്.ഡി. ബിരുദം. ഐക്യരാഷ്ട്രസഭയിലും സ്വകാര്യ മേഖലയിലെ എണ്ണകമ്പനികളിലും ആയി രണ്ടു പതിറ്റാണ്ടിലേറെ സുരക്ഷാരംഗത്ത് പ്രവർത്തിക്കുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ എല്ലാ അപകടയുദ്ധമേഖലകളിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കേരളത്തിലെ സുരക്ഷാവിഷയങ്ങളെപ്പറ്റി സ്ഥിരമായി എഴുതുന്നു. സുരക്ഷയെപ്പറ്റി രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. ഒരുങ്ങാം വിനോദയാത്രക്ക്
2. സുരക്ഷയുടെ പാഠങ്ങൾ

email : thummarukudy@gmail.com

Illustrations | Madanan ■ Book Design | Sunny Joseph